**പതിമൂന്നാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3485 15.07.2015-ൽ മറുപടിയ്ക്ക്

**<u>ചെറുതാഴം പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് കെട്ടിടം</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. റ്റി.വി.രാജേഷ്** | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിൽ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിൽ പിലാത്തറയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് വിട്ടുനൽകിയ 75 സെന്റ് സ്ഥലത്ത് ഗവൺമെന്റ് പാരാമെഡിക്കൽ സയൻസ് ഇൻസ്റ്റിറ്റ്യൂട്ടിനുള്ള കെട്ടിടം പണിയുന്നതിനായി 455 ലക്ഷം രൂപ വകയിരുത്തുകയും പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തലശ്ശേരിക്ക് 13/10/2014 ന് ഫണ്ട് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും ഉണ്ടായി. കെട്ടിട നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ള പൊതുമരാമത്ത് വകുപ്പ് അധികൃതരോട് പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | കെട്ടിട നിർമ്മാണം എപ്പോൾ തുടങ്ങാൻ സാധിക്കുമെന്ന് അറിയിക്കുമോ ? | (ബി) | കെട്ടിടം നിർമ്മാണത്തിനുള്ള ടെന്റർ പൊതുമരാമത്ത് വകുപ്പിൽ നിന്നും അംഗീകരിച്ചുവരുന്നതോടെ നിർമ്മാണ നടപടികൾ ആരംഭിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ